ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്ക് ഗ്രേഡ് കൊടുക്കാത്ത കേസ്സുകൾ

1193. [1800] ശ്രീ. എം. എം. ഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-ാം ശമ്പള പരിഷ്കരണ ശുപാർശയനുസരിച്ച് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിൽ ജീവനക്കാർ 10 കൊല്ലക്കാലം ഒരേ ഗ്രേഡിൽ തുടർന്നിട്ടും അടുത്ത ഗ്രേഡ് കൊടുക്കാത്ത കേസ്സുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാം ;

(സി) ഇവർക്ക് അടുത്ത ഗ്രേഡ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ സർവ്വീസിൽ ഉള്ളവരുടെ കേസ്സുകൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ ശ്രീമതി നങ്ങിനി എന്ന റിട്ട: ഉദ്യോഗസ്ഥയുടെ ഒരു അപേക്ഷ നിലവിലുണ്ട്.

(ബി) ശ്രീമതി നങ്ങിനി എന്ന ഉദ്യോഗസ്ഥയുടെ അപേക്ഷ ഫിനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) ഫിനാൻസ് ഡിപ്പാർട്ടുമെൻറിൻെറ അഭിപ്രായം കിട്ടിയാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

കൊച്ചിയിൽനിന്ന് മലയാളം ടി. വി. പരിപാടി

1194. [1803] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചിയിൽനിന്ന് മലയാളം ടി.വി. പരിപാടി തുടങ്ങാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

ഉത്തരം

മലയാളത്തിലുള്ള പരിപാടികൾ സംസ്ഥാനമൊട്ടാകെ ദൃശ്യമാകത്തക്ക വിധത്തിൽ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പൂർത്തിയായതിനു ശേഷം ഇക്കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

"ലീഗൽ എയിഡ് ടു ദി പുവർ" എന്ന പരിപാടി

1195. [1804] ശ്രീ. എം.പി.എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ലീഗൽ എയിഡ് ടു ദി പുവർ' എന്ന പരിപാടി അനുസരിച്ച് ഏറനാട് താലൂക്കിൽ സിവിൽ തസ്തികയിൽ ആളെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) അവിടെ ഈ തസ്തികയിലേക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപേക്ഷകർ എന്നാണ് ലഭിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly